"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ /പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1220/2021/LSGD തീയതി,തിരുവനന്തപുരം, 28/06/2021

പരാമർശം:- 1 21.10.2020 - ലെ GO(Rt) No.1967/2020/LSGD നമ്പർ ഉത്തരവ്

2 16.03.2021-ൽ ചേർന്ന സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് ആപ്പ് പദ്ധതിയുടെ ഭാഗമായുള്ള സാങ്കേതിക സമിതിയുടെ മൂന്നാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.03.2021-ലെ 2894/D1/2020/SM നമ്പർ കത്ത്

4 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.06.2021-ലെ 2894/D1/2020/SM നമ്പർ കത്ത്

ഉത്തരവ്

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സംവിധാനവുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ നിർമിക്കുന്നതിന് ആവശ്യമായ തുക ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ അനുയോജ്യമായ ഘടകത്തിൽ നിന്നും വിനിയോഗിക്കേണ്ടതും പദ്ധതിയുമായി ബന്ധപ്പെട്ട ആവർത്തന ചെലവുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതുമാണെന്ന വ്യവസ്ഥയിലാണ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

2. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം (ഹരിത മിത്രം) പദ്ധതിയുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയറിനും സെൻട്രൽ കൺട്രോൾ റൂമിനുമുള്ള ചെലവായി 1,71,36,000/- രൂപ (ഒരു കോടി എഴുപത്തിയൊന്നു ലക്ഷത്തി മുപ്പത്താറായിരം രൂപ) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വിനിയോഗിക്കുന്നതിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് ആപ്പ് പദ്ധതിയുടെ ഭാഗമായുള്ള സാങ്കേതിക സമിതി പരാമർശം (2) പ്രകാരം അംഗീകാരം നൽകിയിരുന്നു.

One time software cost - Rs.1,48,75,000/-
Central Control Room cost - Rs.22,61,000/-

3. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം (ഹരിത മിത്രം) പദ്ധതിയുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയറിനും സെൻട്രൽ കൺട്രോൾ റൂമിനുമുള്ള ചെലവായി ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ കഴിയുന്ന തുകയ്ക്ക് അംഗീകാരം നൽകി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. കൂടാതെ സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം (ഹരിത മിത്രം) പദ്ധതിയുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയറിനും സെൻട്രൽ കൺട്രോൾ റൂമിനുമുള്ള ചെലവായി ശുചിത്വ മിഷന്റെ 2021-22 വർഷത്തെ പ്ലാൻ പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വകേരളം (അർബൻ) എന്നിവയിലെ ഐ.ഇ.സി. ഘടകങ്ങളിൽപ്പെടുത്തി 1,71,36,000/- (ഒരു കോടി എഴുപത്തിയൊന്നു ലക്ഷത്തി മുപ്പത്താറായിരം രൂപ) 50:50 അനുപാതത്തിൽ കെൽട്രോണിന് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം (ഹരിത മിത്രം) പദ്ധതിയുടെ സോഫ്റ്റ് വെയറിനും സെൻട്രൽ കൺട്രോൾ റൂമിനുമുള്ള ചെലവായി പദ്ധതിയുടെ ഭാഗമായുള്ള സാങ്കേതിക സമിതി അംഗീകാരം നൽകിയിട്ടുള്ള തുകയായ Rs.1,71,36,000/- രൂപ ശുചിത്വ മിഷന്റെ പ്ലാൻ പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വകേരളം (അർബൻ) എന്നിവയിലെ ഐ.ഇ.സി. ഘടകങ്ങളിൽ നിന്നും 50:50 അനുപാതത്തിൽ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sarada Muraleedharan Ias
Additional Chief Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത്ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്